പതിമൂന്നാം കേരള നിയമസഭ

ഒൻപതാം സമ്മേളനം

| നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ. 1568 | 14/06/2013-ൽ മറുപടി നൽകേണ്ടിയിരുന്നത്. |
|---|---|

**കുടുംബശ്രീക്ക് അനുവദിച്ച തുക**

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീമതി. കെ.എസ്.സലീഖ | ശ്രീ. ഡോ.എം.കെ. മുനീർ<br>ബഹു: പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പു മന്ത്രി |

| | | | |
|---|---|---|---|
| (എ) | സംസ്ഥാനത്ത് നിലവിൽ എത്ര കുടുംബങ്ങൾ കുടുംബശ്രീയിൽ അംഗങ്ങളായിട്ടുണ്ട്: ജില്ല തിരിച്ച് വ്യക്തമാക്കുമോ; | (എ) | സംസ്ഥാനത്ത് നിലവിൽ 39,27,057 കുടുംബങ്ങൾ കുടുംബശ്രീയിൽ അംഗങ്ങളായിട്ടുണ്ട്. ജില്ല തിരിച്ചുള്ള കണക്ക് ചുവടെ ചേർക്കുന്നു. |

| ക്രമ നം. | ജില്ല | കുടുംബങ്ങളുടെ എണ്ണം |
|---|---|---|
| 1. | തിരുവനന്തപുരം | 440676 |
| 2. | കൊല്ലം | 278643 |
| 3. | പത്തനംതിട്ട | 144372 |
| 4. | ആലപ്പുഴ | 295321 |
| 5. | കോട്ടയം | 230330 |
| 6. | ഇടുക്കി | 155787 |
| 7. | എറണാകുളം | 316869 |
| 8. | തൃശ്ശൂർ | 343960 |
| 9. | പാലക്കാട് | 288305 |
| 10. | കോഴിക്കോട് | 456577 |
| 11. | മലപ്പുറം | 399178 |
| 12. | വയനാട് | 110220 |
| 13. | കണ്ണൂർ | 301152 |
| 14. | കാസർഗോഡ് | 165667 |
| | ആകെ | 3927057 |

| | | | |
|---|---|---|---|
| (ബി) | 2012-13 സാമ്പത്തികവർഷം കുടുംബശ്രീയുടെ പ്രവർത്തനങ്ങൾക്കായി എന്ത് തുക സർക്കാർ മാറ്റിവച്ചിരുന്നു; ഇതിൽ എത്ര തുക ചെലവഴിച്ചു; എത്ര തുക ലാപ്സായി ; ലാപ്സാകാനുള്ള കാരണം വ്യക്തമാക്കുമോ; | (ബി) | 2012-13 വർഷത്തിൽ പ്ലാൻ ഫണ്ട് 8417 ലക്ഷം രൂപ അനുവദിച്ചു. അതിൽ 6432 ലക്ഷം രൂപ ചെലവഴിച്ചു. നോൺ പ്ലാൻ വിഭാഗത്തിൽ ഭവനശ്രീ വായ്പാ തിരിച്ചടവിനത്തിൽ 2936.21 ലക്ഷം രൂപ അനുവദിച്ചതിൽ 2936.20 ലക്ഷം രൂപ ചെലവഴിച്ചു. തുക യൊന്നും ലാപ്സായിട്ടില്ല. |

| | | | |
|---|---|---|---|
| (സി) | ഈ വർഷം കുടുംബശ്രീ പ്രവർത്തനങ്ങൾക്കായി എത്ര തുക മാറ്റിവച്ചിട്ടുണ്ട്; ഇതിൽ മെയ് 31 വരെ എത്ര തുക ചെലവഴിച്ചു; | (സി) | 2013-14 സാമ്പത്തിക വർഷം കുടുംബശ്രീ പ്രവർത്തനങ്ങൾക്കായി 9000 ലക്ഷം രൂപ ബഡ്ജറ്റിൽ വകയിരുത്തിയിട്ടുണ്ട്. ഇതിൽ 31-5-2013 വരെ 1548.83 ലക്ഷം രൂപ ചെലവഴിച്ചു. |
| (ഡി) | 2012-13 സാമ്പത്തികവർഷം കേന്ദ്രസർക്കാർ ഗ്രാന്റായി എത്ര തുക കുടുംബശ്രീക്ക് അനുവദിച്ചു. ആയതിൽ എത്ര തുക ചെലവഴിച്ചു: എത്ര തുക ലാപ്സായി: 2013-14 ൽ ഗ്രാന്റായി എത്ര തുക കേന്ദ്രം അനുവദിച്ചു: ഇതിൽ മെയ് 31 വരെ എത്ര തുക ചെലവഴിച്ചു: വിശദമാക്കുമോ; | | (ഡി) 2012-13 വർഷം കേന്ദ്രസർക്കാർ അനുവദിച്ചതും ചെലവഴിച്ചതുമായ തുകയുടെ വിവരം അനുബന്ധമായി ചേർത്തിരിക്കുന്നു. |
| (ഇ) | 2012-13 സാമ്പത്തികവർഷം എത്ര കോടി രൂപയുടെ പ്രവർത്തനങ്ങൾ കുടുംബശ്രീ മുഖാന്തിരം നടത്തി: | (ഇ) | 2012-13 സാമ്പത്തിക വർഷത്തിൽ 65 കോടി രൂപയുടെ പ്രവർത്തനങ്ങൾ കുടുംബശ്രീ മുഖാന്തിരം നടത്തുകയുണ്ടായി.<br>* ബി.എസ്സ്.യു.പി, ഐ.എച്ച്.എസ്സ്.ഡി.പി പദ്ധതികൾ സാമ്പത്തിക അടിസ്ഥാനത്തിലല്ല നടപ്പിലാക്കുന്നത്. ആയതിനാൽ ചെലവഴിച്ച തുകയിൽ മുൻവർഷങ്ങളിൽ ലഭിച്ച തുകയും ഉൾപ്പെടും. |

| | | | |
|---|---|---|---|
| (എഫ്) | നിലവിൽ കുടുംബശ്രീയുടെ എത്ര യൂണിറ്റുകൾ സംസ്ഥാനത്ത് പ്രവർത്തിക്കുന്നുണ്ട്; ജില്ല തിരിച്ച് വ്യക്തമാക്കുമോ; | (എഫ്) | നിലവിൽ കുടുംബശ്രീയുടെ 26746 യൂണിറ്റുകൾ സംസ്ഥാനത്ത് പ്രവർത്തിക്കുന്നുണ്ട്. ജില്ല തിരിച്ചുള്ള കണക്ക് ചുവടെ ചേർക്കുന്നു. |

| ക്രമ നം | ജില്ല | യൂണിറ്റുകളുടെ എണ്ണം |
|---|---|---|
| 1. | തിരുവനന്തപുരം | 3632 |
| 2. | കൊല്ലം | 2108 |
| 3. | പത്തനംതിട്ട | 1145 |
| 4. | ആലപ്പുഴ | 1682 |
| 5. | കോട്ടയം | 1187 |
| 6. | ഇടുക്കി | 1709 |
| 7. | എറണാകുളം | 4044 |
| 8. | തൃശ്ശൂർ | 730 |
| 9. | പാലക്കാട് | 3467 |
| 10. | കോഴിക്കോട് | 1035 |
| 11. | മലപ്പുറം | 2715 |
| 12. | വയനാട് | 716 |
| 13. | കണ്ണൂർ | 1558 |
| 14. | കാസർഗോഡ് | 1018 |
| | ആകെ | **26746** |

| | | | |
|---|---|---|---|
| (ജി) | ഒരേ തരത്തിലുള്ള കുടുംബശ്രീ ഉല്പന്നങ്ങളെ ഒരു ബ്രാൻഡിനു കീഴിലാക്കാൻ സർക്കാർ ഉദ്ദേശിക്കുന്നുണ്ടോ; | (ജി) | ഒരേ തരത്തിലുള്ള കുടുംബശ്രീ ഉത്പ്പന്നങ്ങളെ ഒരു ബ്രാൻഡിനു കീഴിൽ കൊണ്ടുവരുന്നതിന് കുടുംബശ്രീ മിഷൻ നടപടി സ്വീകരിച്ചിട്ടുണ്ട്. 2013-14 വർഷത്തിൽ 10 ഉത്പ്പന്നങ്ങൾ ബ്രാൻഡ് ചെയ്യുന്നതിന് ഉദ്ദേശിക്കുന്നു. കറിപൗഡർ, വെളിച്ചെണ്ണ, അച്ചാർ, ധാന്യപ്പൊടികൾ, സുവനീർ/കരകൗശല വസ്തുക്കൾ, വസ്ത്രങ്ങൾ എന്നിവ ബ്രാൻഡ് ചെയ്യുന്നതിന് ലക്ഷ്യമിടുന്നു. ഇതിനുള്ള എം.ഇ ക്ലസ്റ്റർ ചെയ്യുകയും ഉൽപ്പാദന പെരുമാറ്റച്ചട്ടം കൊണ്ടുവരുന്നതിനുള്ള പ്രാരംഭ നടപടി സ്വീകരിച്ചുവരുന്നു. |
| (എച്ച്) | 60 വയസ്സു കഴിഞ്ഞ കുടുംബശ്രീ അംഗങ്ങൾക്ക് പെൻഷൻ നൽകുവാൻ സർക്കാർ നടപടി സ്വീകരിക്കുമോ; | (എച്ച്) & (ഐ) | കുടുംബശ്രീ 14-ാം വാർഷികാഘോഷ വേളയിൽ ബഹു.പഞ്ചായത്ത്-സാമൂഹ്യ നീതി വകുപ്പ് മന്ത്രി കുടുംബശ്രീ അംഗങ്ങൾക്കായി പെൻഷൻ-ഇൻഷുറൻസ് പദ്ധതി നടപ്പിലാക്കുമെന്ന് പ്രഖ്യാപിച്ചിരുന്നു. 60 വയസ്സ് പൂർത്തിയാകുന്ന മുറയ്ക്ക് കുടുംബശ്രീ അയൽക്കൂട്ട അംഗങ്ങൾക്ക് മാസംതോറും ഒരു നിശ്ചിത തുക പെൻഷനായി ലഭിക്കുന്ന തരത്തിൽ ഒരു പെൻഷൻ പദ്ധതി ആവിഷ്കരിക്കുന്നതിനാണ് കുടുംബശ്രീ മിഷൻ ലക്ഷ്യമിട്ടിരിക്കുന്നത്. |

| | | | |
|---|---|---|---|
| (ഐ) | കുടുംബശ്രീ അംഗങ്ങൾക്ക് ഇൻഷ്വറൻസ് പരിരക്ഷ ലഭിക്കുവാൻ എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ; വ്യക്തമാക്കുമോ; | | നിലവിൽ എൽ.ഐ.സി പോലുള്ള വിവിധ ഏജൻസികൾ നടപ്പിലാക്കുന്ന പെൻഷൻ പദ്ധതികൾ കുടുംബശ്രീ അയൽക്കൂട്ടാംഗങ്ങൾക്കായി നടപ്പിലാക്കുന്നതിനുള്ള സാധ്യതകൾ പഠിച്ചുവരുന്നതിനോടൊപ്പം തന്നെ മാസംതോറും ഒരു നിശ്ചിത തുക അയൽക്കൂട്ടാംഗവും സർക്കാരും നൽകികൊണ്ടുള്ള പങ്കാളിത്ത പെൻഷൻ പദ്ധതിയുടെ സാധ്യതയും പരിഗണിച്ചുവരുന്നു.<br>ഈ പ്രവർത്തനങ്ങൾ കുടുംബശ്രീ മിഷനിൽ നടപ്പിലാക്കുന്നതിനായി ഈ രംഗത്ത് പരിചയസമ്പന്നരായവരെ ഉൾപ്പെടുത്തി ഒരു ടീമിന് രൂപം നൽകിയിട്ടുണ്ട്. പ്രസ്തുത ടീം പെൻഷൻ പദ്ധതി തയ്യാറാക്കുന്നതിനുള്ള പ്രരാംഭ പ്രവർത്തനങ്ങൾ ആരംഭിച്ചുകഴിഞ്ഞു. ആന്ധ്രാപ്രദേശിലെ സൊസൈറ്റി ഫോർ എലിമിനേഷൻ ഓഫ് റൂറൽ പോവർട്ടി (സെർപ്പ്) അവരുടെ എസ്.എച്ച്.ജി അംഗങ്ങൾക്കായി വളരെ നല്ല രീതിയിൽ പെൻഷൻ പദ്ധതി നടപ്പിലാക്കി വരുന്നുണ്ട്. പെൻഷൻ പദ്ധതി തയ്യാറാക്കുന്നതിനായി രൂപീകരിച്ചിട്ടുള്ള കുടുംബശ്രീ ടീം ആന്ധ്രാപ്രദേശിലെ സെർപ്പ് സന്ദർശിക്കുകയും അവിടെ നടപ്പിലാക്കുന്ന പദ്ധതിയെക്കുറിച്ചുള്ള പഠനം പൂർത്തീകരിക്കുകയും ചെയ്തിട്ടുണ്ട്. പദ്ധതികളെക്കുറിച്ച് എൽ.ഐ.സി.യുമായി വീണ്ടും ചർച്ച നടത്തുകയും കുടുംബശ്രീ നിർദ്ദേശ പ്രകാരം പെൻഷൻ-ഇൻഷുറൻസ് പദ്ധതികൾക്ക് പ്രൊപ്പോസലുകൾ എൽ.ഐ.സി സമർപ്പിക്കുകയും ചെയ്തു. ടി പ്രൊപ്പോസൽ കുടുംബശ്രീ മിഷൻ അവലോകനം ചെയ്ത് പൈലറ്റ് അടിസ്ഥാനത്തിൽ നടപ്പിലാക്കി വിലയിരുത്തിയതിനു ശേഷം വ്യാപിപ്പിക്കുന്നതിനാണ് തീരുമാനിച്ചിരിക്കുന്നത്. |

[signature]

സെക്ഷൻ ആഫീസർ

**അനുബന്ധം**

| പദ്ധതികൾ | 2012–13 ൽ അനുവദിച്ചതുക (ലക്ഷത്തിൽ) | 2012–13 ൽ ചെലവഴിച്ച തുക (ലക്ഷത്തിൽ) | 2013–14 ൽ മാറ്റി വെച്ചിട്ടുള്ളതുക (ലക്ഷത്തിൽ) | 31–5–13 വരെ ചെലവഴിച്ച തുക (ലക്ഷത്തിൽ) |
| --- | --- | --- | --- | --- |
| എൻ.ആർ.എൽ. എം | 3586 | 2066 | പ്രൊപ്പോസൽ കേന്ദ്രസർക്കാരിന് സമർപ്പിച്ചിട്ടുണ്ട്. | 86 |
| എസ്സ്.ജെ. എസ്സ് ആർവൈ | കേന്ദ്രവിഹിതം –2626.78 സംസ്ഥാന വിഹിതം– 435.16 സംസ്ഥാന വിഹിതം ലഭിക്കാനുള്ളത് –443.03 | കേന്ദ്രവിഹിതം: 2125.71 സംസ്ഥാന വിഹിതം: 708.57 ആകെ: 2834.28 | കേന്ദ്രവിഹിതം: 3000.00 സംസ്ഥാന വിഹിതം: 1000 | 269 |

ഐ.എച്ച്.എസ്.ഡി.പി, ബി.എസ്.യു.പി, ആർ എ വൈ പദ്ധതികൾ നടപ്പിലാക്കുന്നത് സാമ്പത്തിക വർഷ അടിസ്ഥാനത്തിലല്ല, പ്രോജക്ട് അടിസ്ഥാനത്തിലാണ്. നഗരസഭകൾക്ക് അനുവദിക്കുന്ന തുകയുടെ 70% ചെലവഴിച്ചതിനുശേഷം വിനിയോഗ സർട്ടിഫിക്കറ്റ് സമർപ്പിക്കുകയും അടുത്ത ഗഡു തുക കേന്ദ്രസർക്കാർ നഗരസഭകൾക്ക് അനുവദിക്കുകയും ചെയ്യുന്നു. ഈ മൂന്ന് പദ്ധതികൾക്കുമായി നീക്കിവച്ചിരിക്കുന്ന തുകയുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

തുക കോടിയിൽ

| ക്രമ നം. | പദ്ധതിയുടെ പേര് | ആകെ പദ്ധതി തുക | കേന്ദ്രവിഹിതം | ഇതുവരെ അനുവദിച്ച കേന്ദ്ര വിഹിതം | ഇതുവരെ ചെലവാക്കിയ തുക |
|---|---|---|---|---|---|
| 1 | ബി.എസ്.യു.പി | 343.67 | 233.56 | 165.80 | 197.72 |
| 2 | ഐ.എച്ച്.എസ്.ഡി.പി | 273.32 | 201.60 | 160.53 | 137.14 |
| 3 | രാജീവ് ആവാസ് യോജന | കേന്ദ്ര സർക്കാരിൽ നിന്നും ഇന്നേവരെ ലഭ്യമായിട്ടില്ല | തിരുവനന്തപുരം പൈലററ് പദ്ധതിക്കായി 71.86 കോടിയും കൊല്ലം പൈലററ് പദ്ധതിക്കായി 17.85 കോടിയും | തിരുവനന്തപുരം പൈലററ് പദ്ധതിക്കായി 11..56 കോടി | പൈലററ് പദ്ധതി നടപ്പിലാക്കുന്നതിലേക്കുളള പ്രാരംഭ നടപടികൾ ആരംഭിച്ചിട്ടുണ്ട് |

2012–13 സാമ്പത്തിക വർഷം ഐ.എച്ച്.എസ്.ഡി.പി പദ്ധതിയ്ക്കായി 12.53 കോടി രൂപയും ബി.എസ്.യു.പി പദ്ധതിയ്ക്കായി 7.46 കോടി രൂപയും കേന്ദ്രവിഹിതമായി ലഭിച്ചിട്ടുണ്ട്. 2013–14 സാമ്പത്തിക വർഷത്തിലേയ്ക്കായി ഐ.എസ്.ഡി.പി പദ്ധതിയ്ക്ക് 50.31 കോടി രൂപയും ബി.എസ്.യു.പി പദ്ധതിയ്ക്കായി 72.03 കോടി രൂപയും ബഡ്ജറ്റിൽ മാറ്റിവച്ചിട്ടുണ്ട്.

രാജീവ് ആവാസ് യോജന തിരുവനന്തപുരം പൈലററ് പദ്ധതിക്കായി 6.95 കോടി രൂപ 2012–13 സാമ്പത്തിക വർഷം സംസ്ഥാനവിഹിതമായി ലഭിച്ചിട്ടുണ്ട്.

സെക്ഷൻ ഓഫീസർ